ഭരണഭാഷ-മാതൃഭാഷ

ചക്കുപള്ളം ഗ്രാമ പഞ്ചായത്ത് ആഫീസ്

നമ്പർ.400569/BADC01/GPO/2024/911/(1)

ചക്കുപള്ളം
അണക്കര.പി.ഓ
ഇടുക്കി
Phone No:04868282229
E-mail:chakkupallam.gp@gmail.com

തീയതി : 12/06/2024

പ്രേഷകൻ
സെക്രട്ടറി

സ്വീകർത്താവ്

ബഹു.ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിൻറ് ഡയറക്ടറുടെ കാര്യാലയം, ഇടുക്കി, പൈനാവ്

സർ,

വിഷയം:- കെട്ടിട നമ്പർ ലഭിക്കാത്തത് സംബന്ധിച്ച് ശ്രീമതി. അന്നമ്മ ജോർജ്, കിഴക്കേച്ചെരുവിൽ എന്നയാൾ നവകേരള സദസ്സിൽ സമർപ്പിച്ച പരാതി റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച്

സൂചന:- കെട്ടിട നമ്പർ ലഭിക്കാത്തത് സംബന്ധിച്ച് ശ്രീമതി. അന്നമ്മ ജോർജ്, കിഴക്കേച്ചെരുവിൽ എന്നയാൾ നവകേരള സദസ്സിൽ സമർപ്പിച്ച പരാതി .

ചക്കുപള്ളം ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ നിർമ്മാണ അനുമതി വാങ്ങാതെ പണി പൂർത്തിയാക്കിയ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നില്ല എന്ന് ശ്രീമതി. അന്നമ്മ ജോർജ്, കിഴക്കേച്ചെരുവിൽ എന്നയാൾ ബഹു.മുഖ്യമന്ത്രിയുടെ നവകേരള സദസ്സിൽ സമർപ്പിച്ച പരാതിയിൽ ചക്കുപള്ളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ട്

ചക്കുപള്ളം ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ അണക്കര വില്ലേജിൽ 17/1 സർവേ നമ്പരിൽ പെട്ട 0.0648 ഹെക്ടർ വസ്തുവിൽ നിർമ്മാണ അനുമതി വാങ്ങാതെ പണി പൂർത്തിയാക്കിയ കെട്ടിടനിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് ശ്രീമതി. അന്നമ്മ ജോർജ്, കിഴക്കേച്ചെരുവിൽ A8-3094/2016 നമ്പരായി 22/07/2016 ൽ ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അസി. എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന അപാകതകൾ പരിഹരിച്ച് അപേക്ഷ പുനർ സമർപ്പിക്കുന്നതിന് അപേക്ഷകയ്ക്ക് സാധിച്ചിരുന്നില്ല. തുടർന്ന് 26/07/2018 ൽ ജില്ലാതലത്തിൽ നടത്തിയ കെട്ടിട നിർമ്മാണ അനുമതി അദാലത്തിൽ ടിയാൻറെ അപേക്ഷ പരിഗണിക്കുകയും കെട്ടിട നിർമ്മാണ ക്രമവത്ക്കരണത്തിനുള്ള അപേക്ഷയും അനുബന്ധ രേഖകളും ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോ

നിർദ്ദേശിച്ച് ടി അദാലത്തിൽ തീരുമാനിച്ചിരുന്നു. ടി നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് ടിയാൻ ഹാജരാക്കിയ അപേക്ഷയും അനുബന്ധ രേഖകളും ബഹു.തദ്ദേശ സ്വയംഭരണ വകുപ്പിൻറെ 15/02/2018 ലെ G.O.(P)No.12/2018/LSGD നമ്പർ വിജ്ഞാപനം അനുസരിച്ച് ബഹു.ടൌൺ പ്ലാനറുടെ ഓഫീസിൽ സമർപ്പിച്ചിരുന്നു. ആ ഓഫീസിലെ 18/03/2019 ലെ ഡി/189/2019 നമ്പർ കത്ത് പ്രകാരം ടി അപേക്ഷയിലെ 9 അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി അപാകതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ 15 ദിവസത്തിനകം മറുപടി ലഭ്യമാക്കാത്ത പക്ഷം തുടർ നടപടികൾ ഉണ്ടായിരിക്കുന്നതല്ല എന്നറിയിച്ച് 19/07/2019 ൽ ബഹു.ടൌൺ പ്ലാനറുടെ ഓഫീസിൽ നിന്നും കത്ത് ലഭിച്ചിരുന്നു. ആയത് പ്രകാരം അപേക്ഷകയ്ക്ക് കത്ത് നൽകിയിരുന്നു എങ്കിലും അപാകതകൾ പരിഹരിച്ച് അപേക്ഷ പുനർ സമർപ്പിച്ചിരുന്നില്ല എന്ന വിവരവും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

വിശ്വസ്തതയോടെ,

അനിൽകുമാർ എസ് എൽ
സെക്രട്ടറി

Signature Not Verified
Digitally signed by Anilkumar S L
Date: 2024.06.12 15:19:07 IST
Reason: ILGMS Govt. of kerala